"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023-24 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷന്റെ PSTSB അക്കൗണ്ടിലേക്ക് നൽകിയതും സാമ്പത്തിക വർഷാവസാനം സർക്കാർ തിരിച്ചെടുത്തതുമായ 45,36,31,000 രൂപ ലൈഫ് മിഷന്റെ ജില്ലാ ട്രഷറിയിലുള്ള PSTSB അക്കൗണ്ടിലേയ്ക്ക് വീണ്ടും അനുവദിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1289/2024/LSGD　തീയതി,തിരുവനന്തപുരം, 17-07-2024

---

പരാമർശം:- 1. സ.ഉ(സാധാ) നം.764/2024/തസ്വഭവ തീയതി 20/04/2024

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30/4/24 ,26/06/2024 തീയതിയിലെ എൽ.എം1/2288/ഫിൻ/23 നമ്പർ കത്ത്

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷന്റെ PSTSB അക്കൗണ്ടിലേക്ക് വിടുതൽ ചെയ്ത് നൽകിയ തുകയിൽ സാമ്പത്തികവർഷാവസാനം ബാക്കിയുണ്ടായിരുന്ന **60,36,95,164** രൂപ താഴെ പറയും പ്രകാരം സർക്കാർ തിരിച്ചെടുത്തിരുന്നു.

| Head of Account | BE 2023-24 | Amount released to PSTSB | Expenditure as on 31.03.2024 | Balance in PSTSB as on 31.03.24 |
|---|---|---|---|---|
| 4217-60-051-95 (PV) Housing -Urban | 1,92,00,00,000 | 19,70,85,045 | 4,70,21,151 | 40,00,63,894 |
| | | 25,00,00,000 | | |
| **TOTAL** | **1,92,00,00,000** | **44,70,85,045** | **4,70,21,151** | **40,00,63,894** |
| 4515-00-102-49 (PV) Housing- Rural | 5,25,00,00,000 | 33,38,24,174 | 2,68,01,92,904 | 20,36,31,270 |
| | | 1,25,00,00,000 | | |
| | | 1,30,00,00,000 | | |
| **TOTAL** | **5,25,00,00,000** | **2,88,38,24,174** | **2,68,01,92,904** | **20,36,31,270** |
| **GRAND TOTAL** | **7,17,00,00,000** | **3,33,09,09,219** | **2,72,72,14,055** | **60,36,95,164** |

2. 2024 ഏപ്രിൽ, മേയ് മാസങ്ങളിലെ സംസ്ഥാന ഓഫീസിലേയും ജില്ലാ ഓഫീസുകളിലേയും ശമ്പളം, വാഹന വാടക, ഓഫീസ് ചെലവുകൾ എന്നിവ നിർവഹിക്കുന്നതിനായി 4515-00-102-49 റൂറൽ ഹൗസിംഗ് (പ്ലാൻ)" എന്ന ശീർഷകത്തിലേക്ക്, 2,00,00,000 രൂപ (രണ്ട് കോടി രൂപ മാത്രം) പരാമർശം(1) ഉത്തരവ് പ്രകാരം വീണ്ടും അനുവദിച്ച നൽകിയിരുന്നു. 2023 -24 സാമ്പത്തിക വർഷാവസാനം ബാക്കിയുണ്ടായിരുന്നതും

സർക്കാർ തിരിച്ചെടുത്തതുമായ തുകയിൽ നിന്നും 58,36,95,164 രൂപ അനുവദിച്ചു നൽകണമെന്ന് പരാമർശം(2) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷന്റെ PSTSB അക്കൗണ്ടിലേക്ക് വിട്ടുതൽ ചെയ്ത് നൽകിയതും സാമ്പത്തിക വർഷാവസാനം ബാക്കിയുണ്ടായിരുന്നതും സർക്കാർ തിരിച്ചെടുത്തതുമായ 60,36,95,164 രൂപ യിൽ നിന്ന് 45,36,31,000 രൂപ (നാൽപത്തിയഞ്ച് കോടി മുപ്പത്തിയാറ് ലക്ഷത്തിമുപ്പത്തിയൊന്നായിരം രൂപ മാത്രം) താഴെ പറയും പ്രകാരം ബന്ധപെട്ട ശീർഷകങ്ങളിൽ നിന്നും ലൈഫ് മിഷന്റെ ജില്ലാ ട്രഷറിയിലുള്ള PSTSB അക്കൗണ്ട് നം. 799012700001688-ലേക്ക് വീണ്ടും അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ശീർഷകം | മടക്കി നൽകുന്ന തുക |
|---|---|
| 4217-60-051-95 -റൂറൽ ഹൗസിംഗ് (പ്ലാൻ) | 27,00,00,000 രൂപ |
| 4515-00-102-49 അർബൻ ഹൗസിംഗ് (പ്ലാൻ) | 18,36,31,000 രൂപ |
| **ആകെ** | **45,36,31,000 രൂപ** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

ധനകാര്യ( വനിത ശിശു) വികസന വകുപ്പ്(WCD-3/10//2024-FIN) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ